LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ

4 (5808). ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തരത്തിലുള്ള ഫീസ് നിരക്കുകളാണ് കെ.എസ്.ഇ.ബി. വർദ്ധിപ്പിച്ചത് ; വിശദവിവരമടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകുമോ ?

ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 1-4-2014-ൽ നിലവിൽ വന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിട്ടുള്ള പുതിയ സേവനങ്ങൾക്കുള്ള നിരക്കുകൾ 1-7-2015-ലെ ഉത്തരവുപ്രകാരം കേരള വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളതാണ്. ഇവ ഉൾപ്പെടെയുള്ള ഫീസ് നിരക്കുകൾ ക്രോഡീകരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യെ വിഭജിച്ച് കമ്പനിയാക്കൽ

5 (5809) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ വിഭജിച്ച് കമ്പനികൾ ആക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കെ.എസ്.ഇ.ബി. വിഭജിച്ച് കമ്പനിയാക്കിയതിലൂടെ എന്തെങ്കിലും മെച്ചപ്പെട്ട സംവിധാനം നിലവിൽ വന്നുവോ ; എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടായത് ;

(സി) ബോർഡിന്റെ ആസ്തി ബാധ്യത സംബന്ധിച്ച കാര്യങ്ങൾ എങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത് ;

(ഡി) നിലവിൽ കെ.എസ്.ഇ.ബി.-യ്ക്ക് എത്ര തുകയുടെ ബാധ്യതയുണ്ട് ;

(ഇ) പ്രസ്തുത ബാധ്യത എങ്ങനെ നികത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(എഫ്) കെ.എസ്.ഇ.ബി.-യുടെ നഷ്ടം കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല. 2003-ലെ കേന്ദ്ര വൈദ്യുതി നിയമത്തിലെ നിർദ്ദേശങ്ങളനുസരിച്ച് സംസ്ഥാന വൈദ്യുതി ബോർഡിനെ കേരള , സർക്കാരിന്റെ നൂറുശതമാനം ഓഹരിയുടമസ്ഥതയുള്ള "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന ഒറ്റ കമ്പനിയായിട്ടാണ് പുനഃസംഘടിപ്പിച്ചിട്ടുള്ളത്.

(ബി) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ കമ്പനി നിയമത്തിൻ കീഴിൽ, വിഭജിക്കാതെതന്നെ, ഒറ്റകമ്പനിയായിട്ടാണ് പുനഃസംഘടിപ്പിച്ചത്. ഇതിലൂടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഗ്രാണങ്ങളും പ്രയോജനങ്ങളും ജനങ്ങളിലെത്തിക്കാൻ സാധിക്കുന്നുണ്ട്.

(സി) 31-10-2013-ലെ ജി.ഒ. (പി) 46/2013/ഊ.വ. നമ്പർ ഉത്തരവുപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള കേരള ഇലക്ട്രിസിറ്റി 2-ാം കൈമാറ്റ പദ്ധതി (പുനർനിക്ഷിപ്തമാക്കൽ), 2013 പ്രകാരം മുൻ കെ.എസ്.ഇ.ബി.-യുടെ ആസ്തി-ബാധ്യതകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ പുനർനിക്ഷിപ്തമാക്കിയിട്ടുണ്ട്. ടി രണ്ടാം കൈമാറ്റ പദ്ധതിയിൻമേൽ 28-1-2015-ലെ ജി.ഒ. (പി) നമ്പർ 3/2015/ഊ.വ. പ്രകാരം പുറപ്പെടുവിച്ച ഭേദഗതി വിജ്ഞാപനത്തിൽ കമ്പനിയുടെ 1-11-2013 വരെയുള്ള ആസ്തി ബാധ്യതകൾ പുനഃക്രമീകരിച്ചു നൽകുകയും അവയുടെ വിശദാംശങ്ങളടങ്ങുന്ന ബാലൻസ് ഷീറ്റ് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരമാണ് കമ്പനിയുടെ ആസ്തി-ബാധ്യതകൾ നിശ്ചയിച്ചിരിക്കുന്നത്.

(ഡി) നിലവിലുള്ള കണക്ക് പ്രകാരം 20-7-2015-ൽ കെ.എസ്.ഇ.ബി.-യ്ക്ക് ഏകദേശം 6236.77 കോടി രൂപയുടെ കടബാധ്യതയുണ്ട്.

(ഇ) വിവിധ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി എടുത്ത തുകകൾ യഥാസമയം തിരിച്ചടവ് നടത്തുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ നികത്തുവാനാണ് ശ്രമിക്കുന്നത്.

(എഫ്) വിവിധ പുതിയ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയ ബന്ധിതമായി പൂർത്തീകരിക്കുകയും മിതമായ വിലയിൽ ഹ്രസ്വ ദീർഘകാലാടിസ്ഥാനത്തിലുള്ള കരാറുകൾവഴി വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ നഷ്ടം കുറച്ചുകൊണ്ടു വരുവാനാണ് ശ്രമിക്കുന്നത്.